**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആലംകോട് ഗ്രാമപഞ്ചായത്തിൽ **2016-2017** വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ചതും , സ്പിൽ ഓവറായി തുടരുന്ന തുമായ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് പദ്ധതി**(പ്രോജക്ട് നമ്പർ. 84/17, അടങ്കൽ -11,02,500/- രൂപ)** - **2016-2017** വർഷം തന്നെ ഗുണഭോക്തൃ വിഹിതം പഞ്ചായത്തിലേക്ക് അടച്ച ഗുണഭോക്താക്കൾക്ക് **അതേ** വർഷത്തെ സബ്സിഡി മാനദണ്ഡ പ്രകാരം സബ്സിഡി നൽകി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.239/2019/തസ്വഭവ തിരുവനന്തപുരം, തീയതി : 02/02/2019

പരാമർശം :- 1) ആലംകോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.10.2018-ലെ A2-4395/17 നമ്പർ കത്ത്

2) മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2018- ലെ കത്ത്

3) 31.12.2018-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 2.5 (ഖണ്ഡിക -4.1)

**ഉത്തരവ്**

ആലംകോട് ഗ്രാമപഞ്ചായത്തിൽ 2016-2017 വർഷത്തെ പദ്ധതിയിൽ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് എന്ന പദ്ധതി ഉൾപ്പെടുത്തിയിരുന്നു. **(പ്രോജക്ട് നമ്പർ. 84/17, അടങ്കൽ -11,02,500/- രൂപ).** യൂണിറ്റ് നിരക്ക് 10500/- രൂപ ആയി നിശ്ചയിച്ചിരിക്കുന്ന പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 105 ഗുണാഭോക്താക്കളിൽ 50 ഗുണഭോക്താക്കൾക്ക് 2016-2017 വർഷം പ്ലാന്റ് നൽകിയിരുന്നു. 2017-2018 വർഷവും 2018-2019 വർഷവും സ്പിൽ ഓവറായി തുടരുന്ന പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട് 2016-2017 വർഷം തന്നെ ഗുണഭോക്തൃ വിഹിതം പഞ്ചായത്തിലേക്ക് അടച്ച ഗുണഭോക്താക്കൾക്ക് 2016-2017 വർഷത്തെ സബ്സിഡി മാനദണ്ഡ പ്രകാരം സബ്സിഡി നൽകി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്ന് ആലംകോട് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശിപാർശ ചെയ്തതനുസരിച്ച് 2016-2017 വർഷം തന്നെ ഗുണഭോക്തൃ വിഹിതം അടച്ച ഗുണഭോക്താക്കൾക്ക് 2016-2017-ലെ സബ്സിഡി മാനദണ്ഡമനുസരിച്ച് പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകി 31.12.2018-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം (3) പ്രകാരം തീരുമാനമെടുത്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലംകോട് ഗ്രാമപഞ്ചായത്തിൽ 2016-2017 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ചതും സ്പിൽ ഓവറായി തുടരുന്ന തുമായ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് എന്ന പദ്ധതിയിൽ **(പ്രോജക്ട് നമ്പർ. 84/17, അടങ്കൽ -11,02,500/- രൂപ)** ഉൾപ്പെട്ട് 2016-2017 വർഷം തന്നെ ഗുണഭോക്തൃ വിഹിതം പഞ്ചായത്തിലേക്ക് അടച്ച ഗുണഭോക്താക്കൾക്ക് **2016-2017** വർഷത്തെ സബ്സിഡി

മാനദണ്ഡ പ്രകാരം സബ്സിഡി നൽകി പ്രോജക്ട് നടപ്പാക്കാൻ പരാമർശം (3)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),
മിനിമോൾ.ഡി
ഡെപ്യൂട്ടി സെക്രട്ടറി

പ്രസിഡന്റ്/ സെക്രട്ടറി, ആലംകോട് ഗ്രാമ പഞ്ചായത്ത്, മലപ്പുറം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് : തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎ യ്ക്ക്